സ്വാമി ശരണം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിൽപ്പെട്ട പന്തളം വലിയകോയിക്കൽ, എരുമേലി ശ്രീധർമ്മശാസ്താക്ഷേത്രം,ആര്യങ്കാവ്,അച്ചൻകോവിൽ,കുളത്തൂപ്പുഴ,നിലയ്ക്കൽ എന്നീ ദേവസ്വങ്ങളിൽ നിന്നും ഡിപ്പാർട്ട്മെന്റ് തയ്യാറാക്കി ഏൽപ്പിക്കുന്ന അരവണ പ്രസാദം കോംപസിറ്റ് കാനുകളിൽ നിറച്ച് നൽകുന്നതിന് താല്പര്യമുള്ള കോൺട്രാക്ടർ/ഏജൻസികൾ എന്നിവരിൽ നിന്നും പ്രത്യേകം പ്രത്യേകം മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

## നിബന്ധനകൾ

1. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധികാരപരിധിയിൽപ്പെട്ട പന്തളം വലിയകോയിക്കൽ, എരുമേലി ശ്രീധർമ്മശാസ്താക്ഷേത്രം, ആര്യങ്കാവ്, അച്ചൻകോവിൽ, കുളത്തൂപ്പുഴ എന്നീ ദേവസ്വങ്ങളിൽ നിന്നും ഡിപ്പാർട്ട്മെന്റ് തയ്യാറാക്കി ഏൽപ്പിക്കുന്ന അരവണ പ്രസാദം ഏറ്റുവാങ്ങി കോംപസിറ്റ് കാനുകളിൽ നിറച്ച് നൽകുന്നതിന് പ്രത്യേകം പ്രത്യേകം ക്വൊട്ടേഷനുകൾ സമർപ്പിക്കേതാണ്.
2. അരവണ പ്രസാദം ഡിപ്പാർട്ട്മെന്റ് തയ്യാറാക്കി നൽകുന്നതിനാൽ അരവണ നിറയ്ക്കുന്നതിന് ആവശ്യമായ 250 എം.എൽ. എക്കോഫ്രീ കോംപസിറ്റ് കാനുകൾ (ചുവട് വശം ടിൻ ഷീറ്റുകൊണ്ട് നിർമ്മിച്ചിരിക്കുന്നവ) അവ സുരക്ഷിതമായി അടയ്ക്കുന്ന ഈസിഓപ്പൺ ലിഡുകൾ എന്നിവ കോൺട്രാക്ടർ സ്വന്തം ചെലവിൽ സപ്ലൈ ചെയ്യിച്ച് സീമിംഗ് മെഷീൻ ഉപയോഗിച്ച് ആവശ്യമായ തൊഴിലാളികളെ ഏർപ്പെടുത്തി പായ്ക്ക് ചെയ്ത് ദേവസ്വം ബോർഡിനെ ഏൽപ്പിക്കേതാണ്. ഇതിലേയ്ക്ക് കണ്ടെയ്നർ ഒന്നിന് ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകേണ്ട തുക ആണ് ക്വോട്ട് ചെയ്യേതാണ്. മറ്റു ചിലവുകൾക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിന് ബാദ്ധ്യതയില്ല. അതതു ദേവസ്വങ്ങളിൽ ഡിപ്പാർട്ട്മെന്റ് നിശ്ചയിക്കുന്ന അനുയോജ്യമായ സ്ഥലത്ത് വച്ചാണ് പ്രസാദം പായ്ക്ക് ചെയ്യേണ്ടത്.

3. കരാർ ലഭിച്ച് കൃത്യം അഞ്ചു ദിവസത്തിനകം അതത് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/എക്സിക്യൂട്ടീവ് ആഫിസുമായി ബന്ധപ്പെടുകയും, ആവശ്യമായ അളവ് അരവണ കാൻ, ലിഡ് എന്നിവയുടെ വിവരം ലഭ്യമാക്കേതുമാണ്.
4. മുദ്രവച്ച ക്വട്ടേഷനുകൾ 31-10-2019 രാവിലെ 11.30 മണിയ്ക്ക് മുമ്പായി ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്,നന്തൻകോട്, തിരുവനന്തപുരം -695 003 എന്ന വിലാസത്തിൽ ലഭിക്കത്തക്കവണ്ണം ഹാജരാക്കേണ്ടതാണ്. നിശ്ചിത സമയം കഴിഞ്ഞ് ഹാജരാക്കുന്ന ടെൻഡറുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെൻഡറുകൾ അടക്കം ചെയ്യുന്ന കവറിന്റെ പുറത്ത് ഏത് ഇനം, ഏത് ദേവസ്വത്തിലേക്കുള്ള ടെൻഡർ എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
5. ക്വട്ടേഷനോടൊപ്പം 25,000/-രൂപ (ഇരുപത്തയ്യായിരം രൂപ) (*ഓരോ ദേവസ്വത്തിലെയും പ്രത്യേകം, പ്രത്യേകം*) നിരതദ്രവ്യം ക്യാഷായോ അതത് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ പേരിൽ മാറത്തക്കവണ്ണമുള്ള ഡിമാന്റ് ഡ്രാഫ്റ്റായോ/ക്രോസ്സ് ചെയ്ത് അടക്കം ചെയ്തിരിക്കണം.
6. ക്വട്ടേഷനുകൾ 31.10.2019-ാംതീയതി ഉച്ചയ്ക്ക് 11.45 മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ നന്തൻകോട്ടുള്ള ദേവസ്വം കമ്മീഷണർ ആഫീസിൽ വച്ച് പൊട്ടിച്ച് പരിശോധിക്കുന്നതാണ്.
7. നിശ്ചിത നിരതദ്രവ്യം ഹാജരാക്കാത്തവരുടെ ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
8. ടെൻഡർ നിരക്കുകൾ കൊല്ലവർഷം 1195-ലെ മണ്ഡലം-മകരവിളക്ക് കാലയളവ് മുഴുവൻ ബാധകമായിരിക്കുന്നതാണ്.
9. ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച അറിയിപ്പ് ലഭിച്ച് അഞ്ച് ദിവസങ്ങൾക്കകം ബന്ധപ്പെട്ട അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസറുമായി/എക്സിക്യൂട്ടീവ് ആഫിസറുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. അറിയിപ്പ് ലഭിച്ച് അഞ്ച് ദിവസത്തിനകം ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം നിരതദ്രവ്യം മുതൽക്കൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ള ടെൻഡർകാരനെ ക്ഷണിക്കുന്നതിനോ മറ്റ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന്

അധികാരവും അവകാശവും ഉായിരിക്കുന്നതും അതിൽവച്ച് ഉ ാകുന്ന നഷ്ടത്തിന് വീഴ്ച വരുത്തിയ കോൺട്രാക്ടർ പൂർണ്ണ ഉത്തരവാദി ആയിരിക്കുന്നതുമാണ്.

10. കരാർ ലഭ്യമാകുന്ന കോൺട്രാക്ടർ ഡിപ്പാർട്ട്മെന്റ് നിർദ്ദേശാനുസരണം കുത്തക നടത്താതിരിക്കുന്ന പക്ഷം പ്രസ്തുത കുത്തക യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിനും മണ്ഡലം-മകരവിളക്ക് മഹോത്സവങ്ങളുടെ സുഗമമായ നടത്തിപ്പിനു വേണ്ടി മറ്റ് വിധത്തിൽ നടപടി സ്വീകരിക്കുന്നതിനും ഡിപ്പാർട്ട്മെന്റ് നിർബന്ധിതമാകു ന്നതാണ്.തൻമൂലം ബോർഡിനുാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും വീഴ്ച്ചവരുത്തിയ കോൺട്രാക്ടർ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.
11. ടെൻഡർ സ്വീകരിക്കുന്നതിനും യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉായിരിക്കുന്നതാണ്.
12. കോൺട്രാക്ടർക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ് കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാകുന്നു.
13. ടെൻഡർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ അതത് അസിസ്റ്റന്റ് കമ്മീഷണർമാരുടെ അധികാര പരിധിക്കുള്ളിൽ ഉള്ള കോടതിയുമായി ബന്ധപ്പെട്ടായിരിക്കും.
14. മണ്ഡല-മകരവിളക്ക് കാലയളവുകളിൽ അതത് ദേവസ്വത്തിൽ നിന്നും തയ്യാറാക്കി നൽകുന്ന അരവണ പ്രസാദം മുടക്കം കൂടാതെ വിതരണം നടത്തുന്നതിനായി യഥാസമയം കാനുകളിൽ നിറച്ച് നൽകേതാണ്.
15. അരവണ പാക്കിംഗിന് നിയോഗിക്കപ്പെടുന്ന തൊഴിലാളികൾ കൃത്യനിഷ്ഠയോടെയും, ശുചിത്വത്തോടെയും ജോലിയിൽ ഏർപ്പെടേതും, തൊപ്പിയും കൈയുറയും ധരിക്കേതുമാണ്.
16. ജോലികൾ ഏറ്റെടുക്കുന്ന കരാർകാരനും, നിയോഗിക്കപ്പെടുന്ന തൊഴിലാളികളും ക്രിമിനൽ കേസ്സിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് തെളിയിക്കുന്ന പ്രാദേശിക പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേ താണ്.

17. ജോലിക്കായി നിയോഗിക്കപ്പെടുന്നവർ ഹിന്ദുമത വിശ്വാസികളായിരിക്കേതും, ടി വിവരം ബന്ധപ്പെട്ട അസിസ്റ്റന്റ് കമ്മീഷണർമാരെ മുൻകൂട്ടി അറിയിക്കേതുമാണ്.

ആർ.ഒ.സി. 15345/16/ശബ
24-11-2019

(ഒപ്പ്)
ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്
തിരുവനന്തപുരം- 695003